ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

നമ്പർ : **DTETVM/9158/2024-EA2 (EA)** തീയതി: **15-07-2026**

**16.06.2026** തീയതി രാവിലെ **11.00** മണിക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ മലയാളഭാഷ വകുപ്പുതല ഏകോപന സമിതിയുടെ യോഗത്തിന്റെ നടപടികുറിപ്പ്.

മലയാളഭാഷ വകുപ്പുതല ഏകോപനസമിതി യോഗം സാങ്കേതിക വിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ **16.06.2026** തീയതിയിൽ ഓൺലൈൻ ആയി സംഘടിപ്പിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തുന്നു.

മലയാളഭാഷ വകുപ്പുതല ഏകോപന സമിതിയുടെ ഏപ്രിൽ മാസത്തെ യോഗം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ **16.06.2026** തീയതിൽ ഓൺലൈൻ ആയി കൃത്യം **11.00** മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥരെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വാഗതം ചെയ്തു. തുടർന്ന് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് വിലയിരുത്തി. മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകൾ നൂറ് ശതമാനത്തിൽ എത്തിക്കുകയെന്ന വകുപ്പിൻ്റെ ലക്ഷ്യത്തെപ്പറ്റി ഡയറക്ടർ ഓർമിപ്പിച്ചു. ഭാഷാ പുരോഗതിയിൽ പിന്നിൽ നിൽക്കുന്ന സ്ഥാപനങ്ങളായ സർക്കാർ പോളിടെക് നിക്ക് കോളേജ് അടൂർ, സർക്കാർ വനിതാ പോളിടെക്നിക് കോളേജ് കായംകുളം, സർക്കാർ പോളിടെക്നിക് കോളേജ് പാലക്കാട്, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ എഴുകോൺ, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ തൃശ്ശൂർ, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ വണ്ണപ്പുറം, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ അടിമാലി എന്നിവടങ്ങളിലെ പ്രതിനിധികളിൽ നിന്നും ടി വിഷയത്തിൽ വിശദീകരണം തേടുകയും, പുതുതായി തുടങ്ങുന്ന എല്ലാതരത്തിൽ ഉള്ള ഫയലുകളിലും കുറിപ്പ് ഫയലുകൾ എങ്കിലും മലയാളത്തിൽ എഴുതാവുന്നതും, അത്തരത്തിൽ മലയാളത്തിൽ കുറിപ്പുകൾ എഴുതുന്നതിലൂടെ വകുപ്പിൽ മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകൾ നൂറ് ശതമാനത്തിൽ എത്തിക്കുകയെന്ന പ്രാധമിക ലക്ഷ്യം പൂർത്തിയാക്കാൻ സാധിക്കുമെന്നും ഡയറക്ടർ അഭിപ്രായപ്പെട്ടു. പദകോശങ്ങൾ തയ്യാറാക്കുന്നതിനും, മലയാളത്തിലേക്ക് തർജ്ജമ ചെയ്യേണ്ടുന്ന വകുപ്പിലെ കോഡുകൾ, മാനുവലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ എന്നിവ സ്ഥാപനതലത്തിൽ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാനും യോഗത്തിൽ നിർദ്ദേശം നൽകി. തുടർന്ന് ഭാഷാമാറ്റ പുരോഗതി **100** ശതമാനം എത്തുന്നതിലേക്കുള്ള സാങ്കേതിക തടസം റിപ്പോർട്ട് ചെയ്യാൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങളിൽ തുടർ നടപടികൾ കൈക്കൊള്ളാൻ യോഗത്തിൽ തീരുമാനമായി.

- യൂണീകോഡ് ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.
- ഇ- ഓഫീസിലെ മലയാളം എഴുത്തിലെ അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് തീരുമാനമായി.
- യൂണികോഡ് ടൈപ്പിങ്ങിൽ പരിശീലനം ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.
- സ്ഥാപനതലത്തിൽ ഭാഷാ കോർഡിനേറ്ററെ നിയമിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ, സ്ഥാപനതലത്തിൽ ഭാഷാ കോർഡിനേറ്ററെ നിയമിക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.
- മലയാളം കമ്പ്യൂട്ടിങ്ങിൽ പരിശീലനം ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക്, ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12 മണിക്ക് അവസാനിച്ചു.

വിശ്വസ്തതയോടെ,

Digitally signed by
Jayaprakash P
Date: 16-07-2026
14:54:15

**Dr JAYAPRAKASH P**

**DIRECTOR**

പകർപ്പ്

1. ഈ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in) എന്ന വെബ്സൈറ്റ് മുഖാന്തിരം.
2. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.